# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733370


## വാർത്താക്കുറിപ്പ്

**2023 ഡിസംബർ 16**

---

## മെഡിക്കൽ ഓഫീസർ; വാക്-ഇൻ-ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലാ ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസറുടെ ഒഴിവിൽ ഒരു വർഷത്തേക്ക് താത്കാലിക നിയമനത്തിനുള്ള വാക്-ഇൻ-ഇന്റർവ്യൂ ഡിസംബർ 27ന് രാവിലെ 10.30 മുതൽ വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും.

എംബിബിഎസ് അല്ലെങ്കിൽ തത്തുല്യ യോഗ്യതയും കേരള മെഡിക്കൽ കൗൺസിലിന്റെ ആംഗീകാരവുമുള്ള ഡോക്ടർമാർക്ക് പങ്കെടുക്കാം. വിരമിച്ച ഡോക്ടർമാരെയും പരിഗണിക്കും. പ്രായം 1.12.2023ൽ 65 വയസ് കവിയരുത്. പ്രതിമാസ വേതനം അൻപതിനായിരം രൂപ.

പങ്കെടുക്കുന്നവർ അസ്സൽ രേഖകളും പകർപ്പുകളും സഹിതം രാവിലെ ഒൻപതിന് അസിസ്റ്റന്റ് രജിസ്ട്രാറുടെ 1(ഭരണവിഭാഗം)കാര്യാലയത്തിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾ എഡിഎ3 വിഭാഗത്തിൽ ലഭിക്കും. ഫോൺ-0481 2733240

(പി.ആർ.ഒ/39/1457/2023)

## പരീക്ഷ മാറ്റി

രണ്ടാം സെമസ്റ്റർ ബി.പി.ഇ.എസ്(നാലു വർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം - 2022 അഡ്മിഷൻ റഗുലർ, 2016 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ നാളെ(ഡിസംബർ 18) നടത്താനിരുന്ന പരീക്ഷ മാറ്റി വച്ചു. പരീക്ഷ ജനുവരി 11ന് ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ നടക്കും. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1458/2023)

## പരീക്ഷാ തീയതി

ഏഴാം സെമസ്റ്റർ ബി.എച്ച്.എം(2015 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2013, 2014 അഡ്മിഷനുകൾ മെഴ്സി ചാൻസ്-ഓൾഡ് സ്കീം) പരീക്ഷകൾ ജനുവരി അഞ്ചുമുതൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1459/2023)

## <u>പ്രാക്ടിക്കൽ</u>

അഞ്ചാം സെമസ്റ്റർ ബിവോക് അഡ്വാൻസ്ഡ് കോഴ്സ് ഇൻ മൾട്ടി സ്പോർട്സ് ആന്റ് ഫിറ്റനെസ് ട്രെയിനിംഗ്(2021 അഡ്മിഷൻ റെഗുലർ, 2020, 2019, 2018 അഡ്മിഷനുകൾ റീ അപ്പിയറൻസ്-ന്യൂ സ്കീം-ഒക്ടോബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി മൂന്നു മുതൽ മാറമ്പള്ളി എം.ഇ.എസ് കോളജിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ

...................................

അഞ്ചാം സെമസ്റ്റർ ബിവോക് സ്പോർട്സ് ന്യുട്രീഷ്യൻ ആന്റ് ഫിസിയോതെറാപ്പി(2021 അഡ്മിഷൻ റെഗുലർ, 2020, 2019, 2018 അഡ്മിഷനുകൾ റീ അപ്പിയറൻസ്-ന്യൂ സ്കീം -ഒക്ടോബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 18ന് പാലാ അൽഫോൻസാ കോളജിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

...................................

അഞ്ചാം സെമസ്റ്റർ ബിഎസ്.സി ബയോടെക്നോളജി(സിബിസിഎ ന്യൂ സ്കീം 2021 അഡ്മിഷൻ -റെഗുലർ, 2017, 2018, 2019, 2020 അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 18 മുതൽ കോളജുകളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1460/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**